**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 217** **28-02-2023 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണം തടയുന്നതിനുള്ള സമഗ്ര നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. പി. ടി. എ. റഹീം | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കടുവ, ആന തുടങ്ങിയ വന്യജീവികളുടെ ആക്രമണത്തിൽ ജീവനാശം സംഭവിക്കുന്നത് പൂർണ്ണമായും തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (എ) | മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി സൗരോർജ്ജ വേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നിർമ്മിക്കുകയും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുന്നു. വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്-ജല സംരക്ഷണ പ്രവർത്തികൾ, ചെക്ക്ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വയൽ മെയിന്റനൻസ്, വനത്തിനകത്ത് ജലലഭ്യത ഉറപ്പ് വരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്. വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തിപങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇതുകൂടാതെ കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പ്രദേശങ്ങളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ച് വരുന്നു. വന്യമൃഗങ്ങൾ നാട്ടിലേയ്ക്കിറങ്ങുന്ന സന്ദർഭത്തിൽ പരിസരവാസികൾക്ക് മുന്നറിയിപ്പ് നൽകുന്നതിന് എസ്.എം.എസ്. സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെൻറുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം KIIFB-RKDP യുടെ ധനസഹായത്തോടെ വനത്തിന് പുറത്തേയ്ക്ക് പുനരധിവസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| | | | നാട്ടിലിറങ്ങിയ വന്യമൃഗങ്ങളെ കാട്ടിലേയ്ക്ക് തിരികെ അയക്കുന്നതിന് റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ (ആർ.ആർ.റ്റി) സേവനം വിനിയോഗിച്ചു വരുന്നു. മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള 261 ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.<br><br>കൂടാതെ കേന്ദ്ര സർക്കാരിന്റെ 06.02.2021-ലെ F No.8-60/20 WL (Part I) അഡ്വൈസറിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന - ജില്ലാ തലങ്ങളിൽ ഇന്റർ ഡിപ്പാർട്ടുമെന്റൽ കോർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കുന്നതിന് 09.12.2021-ലെ സ.ഉ (സാധാ) നം. 402/2021/വനം പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം എല്ലാ ജില്ലകളിലും ജില്ലാതല ഏകോപന സമിതികൾ യോഗം കൂടിയിട്ടുണ്ട്. സംസ്ഥാനതല ഏകോപന സമിതിയുടെ യോഗം കൂടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി അതാത് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരെ നോഡൽ ഓഫീസർമാരായി ചുമതലപ്പെടുത്തി G.O. (Rt) 578/2022/F&WLD തീയതി 26.12.2022 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് വേണ്ടി അഞ്ച് വർഷ കാലയളവിലേക്ക് 620 കോടിയുടെ ഒരു പദ്ധതി തയ്യാറാക്കി കേന്ദ്രഗവൺമെൻറിലേക്ക് സമർപ്പിക്കുന്നതിനായി സമർപ്പിച്ചത് പരിശോധിച്ചുവരികയാണ്. മനുഷ്യ-വന്യജീവി സംഘർഷം ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് അടുത്ത 10 വർഷത്തേയ്ക്ക് ആവശ്യമായ 1150 കോടി രൂപയുടെ ഒരു ബ്രഹത് പദ്ധതി സംസ്ഥാന പ്ലാനിംഗ് ബോർഡിന് 25.01.2021-ൽ വനം വകുപ്പ് ആസ്ഥാനത്തുനിന്നും സമർപ്പിച്ചിട്ടുണ്ട്. മേൽ നടപടികളിലൂടെ വന്യജീവി ആക്രമണം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (ബി) | വന ആവാസവ്യവസ്ഥയിൽ ഉണ്ടായ മാറ്റവും വന്യജീവി വംശവർദ്ധനയുമാണ് പ്രശ്നകാരണമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയം സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തുന്നതിന് കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; | (ബി) | പ്രശ്ന കാരണങ്ങൾ കണ്ടെത്തുന്നതിനും മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനുമായി ഹ്രസ്വകാല-ദീർഘകാല പദ്ധതികൾ വിഭാവനം ചെയ്യുന്നതിന് KFRI, അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, വെറ്റിനറി യൂണിവേഴ്സിറ്റി, ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ, തദ്ദേശവാസികൾ എന്നിവരുമായി ബന്ധപ്പെട്ട് പഠനം നടത്തി |

| | | | |
|---|---|---|---|
| | | | റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കിൾ നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | കേന്ദ്ര സർക്കാർ വന്യജീവി സംരക്ഷണ നിയമം ഭേദഗതി ചെയ്ത് കൂടുതൽ കർക്കശമാക്കിയതോടെ വന്യമൃഗ ആക്രമണം മൂലം ജനജീവിതം കൂടുതൽ ദുരിതത്തിലാകുമെന്നതിനാൽ യുക്തമായ തിരുത്തൽ നടപടി ആവശ്യപ്പെടുമോ; | (സി) | വന്യജീവി സംരക്ഷണ നിയമം ഭേഗദതി ചെയ്യുന്നതു മൂലം വന്യജീവി ആക്രമണം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | വന്യജീവികളുടെ എണ്ണം വർദ്ധിക്കുന്നത് നിയന്ത്രിക്കുന്നതിനായി നിയമ നടപടികൾ ഉൾപ്പെടെയുള്ള മാർഗം അവലംബിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | വന്യജീവികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നതായി സ്ഥിരീകരിക്കുന്ന ശാസ്ത്രീയമായ രേഖകൾ ഒന്നുംതന്നെ നിലവിലില്ല. വിവിധ കാലങ്ങളിൽ നടത്തിയ വന്യജീവി കണക്കെടുപ്പുകൾ സൂചിപ്പിക്കുന്നത് ഇവയുടെ സ്ഥായിയായ എണ്ണമാണ്. എന്നിരുന്നാലും ജനവാസ മേഖലയിൽ ഇറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും വിപത്തുണ്ടാക്കുന്ന വന്യജീവികളെ വന്യജീവി (സംരക്ഷണ) നിയമം, 1972 ലെ ആവശ്യമായ സെക്ഷൻ (സെക്ഷൻ 11 (1) (എ)) ഉപയോഗിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. ഇതു കൂടാതെ ജനവാസമേഖലയിലിറങ്ങി ജനങ്ങളുടെ ജീവനും സ്വത്തിനും കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ കൊല്ലുന്നതിനായി പൊതു ജനങ്ങളുടെ അപേക്ഷയിന്മേൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഓണററി വൈൽഡ് ലൈഫ് വാർഡൻ / അധികാരപ്പെട്ട ഉദ്യോഗസ്ഥന് അങ്ങനെയുള്ള പ്രദേശത്ത് അത്തരം കാട്ടുപന്നികളെ കൊല്ലുന്നതിന്/ കൊല്ലിക്കുന്നതിന് ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് നിബന്ധനകൾ ഉൾപ്പെടുത്തി 28.05.2022, 31.05.2022 എന്നീ തീയതികളിലെ സർക്കാർ ഉത്തരവുകൾ പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ